

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

01 NOVEMBER 2019

03 RABI'UL AWWAL 1441 AH

# MUSLIMS IN POLITICS (PART 2)

## മുസ്ലിംകൾ രാഷ്ട്രീയത്തിൽ (ഭാഗം 2)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **മുസ്ലിംകൾ രാഷ്ട്രീയത്തിൽ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ബഹുമാന്യനായ പ്രധാനമന്ത്രി പറഞ്ഞു, ദ്വീപിലെ മുക്കിലും മൂലയിലും വികസനങ്ങളുണ്ടായിട്ടുണ്ട്. ഏതായാലും ഈ വാക്കുകൾ ശരിയായ വാക്കുകളല്ല പ്രധാനമന്ത്രി! പകരം നിങ്ങൾ പറയേണ്ടത ചില പ്രത്യേകം സ്ഥലങ്ങളിൽ തുടർച്ചയായ വികസനം ഉണ്ടായിട്ടുണ്ട് എന്നാണ്. അതിനായി ഞങ്ങൾ ഒരുദാഹരണം എടുത്തുകാണിക്കുകയാണ്. അത് വളരെ വ്യക്തമായതാണ്, മൗറിഷ്യൻ ജനത അതിനു സാക്ഷികളുമാണ്. അത് പ്രധാനമന്ത്രിയുടെ നിയോജക മണ്ഡലമാണ്. അദ്ദേഹത്തെ പ്രീതിപ്പെടുത്തുവാനായി എല്ലാ മന്ത്രാലയങ്ങളും തങ്ങളുടെ സാന്നിധ്യം അവിടേക്ക് കടത്തിവിടുകയുണ്ടായി!

പ്രധാനമന്ത്രി അടുത്ത തെരഞ്ഞെടുപ്പിനുവേണ്ടി തയ്യാറെടുക്കുകയാണ്. തന്റെ നിയോജക മണ്ഡലത്തിൽ ചെയ്തതുപോലുള്ള വികാസം മറ്റിതര നിയോജക മണ്ഡലങ്ങളിലും ചെയ്തിരുന്നു. എങ്കിൽ! എന്നാൽ ദൗർഭാഗ്യവശാൽ ഈ ഭരണത്തിന്റെ ശാസനാധികാരം അവസാനിക്കുവാൻ പോവുകയാണ്. ഈ ഭരണവാഴ്ചയിൽ മുസ്ലിം സമുദായത്തെ വിസ്മരിച്ചുപോയി എന്നത് ഒരു വസ്തുതയാണ്.

പിന്നോക്ക സമുദായക്കാർ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ, മുസ്ലിം സമുദായം ഉൾപ്പെടയുള്ള പിന്നോക്കക്കാർ, പാർക്കുന്നിടത്ത്

എന്തു വികസനമാണ് ഉണ്ടായതെന്ന് കാണിക്കുവാനായി ഒരു ദാഹരണം തെളിവിനായി എടുത്തു കാണിക്കുവാൻ നിങ്ങൾക്ക് കഴിയുമോ? ഞങ്ങളുടെ സ്ഥലത്ത് മെട്രോ എക്സ്പ്രസ്സ് ഒന്നും കൊണ്ടുവരണമെന്ന് ഞങ്ങളാവശ്യപ്പെടുന്നില്ല. സെന്റ് പിയാരിയിലെ ജനങ്ങളോട് നിങ്ങൾ വാഗ്ദാനം ചെയ്തതുപോലെ! ഞങ്ങൾക്ക് കുറഞ്ഞത്, ഞങ്ങളിലെ യുവാക്കൾക്ക് ആരോഗ്യദായകമായ ഒരു കേന്ദ്രമെങ്കിലും നല്കികൂടെ, അങ്ങനെ ആയാൽ അവർ മയക്കുമരുന്നുകളുടെയും മറ്റു രോഗങ്ങളുടെയും നരകത്തിലെ അടിമകളായി തീരാതെങ്കിലുമിരിക്കുമല്ലോ. ഈ പ്രദേശങ്ങളിൽ വികസനം നടത്താത്ത അതേ പാർട്ടിക്ക് തന്നെ വോട്ടു ചെയ്യുവാൻ ഇവിടുത്തെ പിന്നോക്കക്കാർ അന്ധരായിരിക്കുകയാണല്ലോ. ഇതിനെല്ലാം ഉപരിയായി, പ്രാതിനിധ്യമില്ലാത്ത മുസ്ലിം സമുദായത്തിനുവേണ്ടി, മന്ത്രിസഭായോഗത്തിൽ ശബ്ദിക്കുവാൻ ആരാണുള്ളത്? അവർക്കനുകൂലമായി ശബ്ദിക്കുവാൻ അവിടെ ആരാണുള്ളത്? നമുക്ക് ക്ഷമിക്കാം. ഇൻശാ അല്ലാഹ് ! ഫലം കൊണ്ടു വരാതിരിക്കില്ല.

## THE MUSLIM COMMUNITY IS NOT UNGRATEFUL BUT KEEPS ITS HEAD HIGH.

## മുസ്ലിം സമുദായം നന്ദിയില്ലാത്തവരല്ല, അവരുടെ ശിരസ്സ് ഉയർന്നുതന്നെ നില്ക്കും

മുൻ ഡപ്യൂട്ടി പ്രൈം മിനിസ്റ്ററും, ഇപ്പോഴത്തെ ഒരു സാധാരണ ഡപ്യൂട്ടിയുമായ സൂദൂൻ, മുസ്ലിം സമുദായത്തെ, (സർ അനിരൂത് ജഗാനാഥിനോട് നന്ദി ഇല്ലാത്തവരാണെന്ന് പറഞ്ഞ് കുറ്റപ്പെടുത്തുകയുണ്ടായി സർ അനിരൂത് ജഗാഥ് 2014 മുതൽ 2017വരെ പ്രധാനമന്ത്രി ആയിരുന്നു. അതേ തുടർന്ന് പിതാവും, പുത്രനും തമ്മിലുള്ള ഏർപ്പാടിൽ അദ്ദേഹത്തിന്റെ മകൻ പ്രധാനമന്ത്രി ആയി, ജനങ്ങളുടെ വോട്ടില്ലാതെ) സൂദുന്റെ അഭിപ്രായ പ്രകാരം, നിങ്ങൾക്കറിയാവുന്നതുപോലെ സുദൂൻ, സർ അനിരൂത് ജഗാഥിന്റെ നിഴലാണ്. മാംസ വില താഴ്ന്നിട്ടുണ്ട്, ഹജ്ജിന്റെയും ഉംറയുടെയും ടിക്കറ്റ് വിലയിലും കുറവു വരുത്തിയിട്ടുണ്ട്. മുസ്ലിംകളോട് കാണിച്ച അനുകൂല നടപടികളാണിവ. എന്നാൽ സൂദൂൻ കാര്യങ്ങൾ പെട്ടെന്ന്

മറക്കുന്ന ആളാകുന്നു. അതുകൊണ്ട് നമുക്കദ്ദേഹത്തെ ഓർമ്മിപ്പിക്കാം. അനിരുദ്ധ് ജഗ്‌നാഥ്, മുസ്ലിം സമുദായത്തിനേല്പിച്ച പീഡനം മൂലം അവർ അനുഭവിച്ച യാതനകളെക്കുറിച്ച് അത്ര പെട്ടന്ന് മറക്കുവാൻ പറ്റുമോ? ഒരു രാത്രി കഴിയുമ്പോൾ അത് മറക്കുവാൻ കഴിയുന്ന കാര്യമാണണോ? മുസ്ലിംകളുടെ മേൽ നിസ്സഹകരണം ഏർപ്പെടുത്തുകയും അവരെ അപമാനിക്കുകയും ചെയ്ത ഒരു സമയം! സിവിൽ സർവ്വീസിൽ ഒരു ജോലി അന്വേഷിക്കുന്ന ഒരു മുസ്ലിം തന്റെ യഥാർത്ഥ വിലാസവും, രാഷ്ട്രീയ ബന്ധവും മറച്ചുവെയ്ക്കേണ്ടി വന്ന അവസ്ഥ! അത്തരം ഒരു ഭരണകാലം! പ്രബലമായ ഒരു മുസ്ലിം നിയോജമണ്ഡലത്തിൽ ജീവിക്കുകയാണെങ്കിൽ, മറ്റൊരു രാഷ്ട്രീ പാർട്ടിയെ പിന്താങ്ങുകയാണെങ്കിൽ! അവന്റെ അവസ്ഥ ഇങ്ങനെ ആയിരുന്നില്ലേ?

മുസ്ലിം സമുദായത്തെ ബഹിഷ്ക്കരിച്ച ഒരു ഭരണകാലം, അവർക്ക് പ്രൈവറ്റ് മേഖലയാകെ അന്യം നിന്ന അവസ്ഥ. പ്രത്യേകിച്ച് തൊഴിൽ മേഖലയാകെ! മുസ്ലിം ബിരുദധാരികൾ അവരുടെ നിത്യവൃത്തിക്കായി തെരുവകളിൽ ചെറിയ കച്ചവടത്തിനിറങ്ങേണ്ടിവന്ന ഭരണകാലം! മുസ്ലിം സമുദായത്തിനെതിരിൽ പ്രതികാര വായ്പോടെ ഭരണം നടത്തിയ കാലം !അദ്ദേഹത്തിന് (ഗവൺമെന്റിന്) വോട്ടു ചെയ്തിട്ടു പോലും! ഇതേ നയം തന്നെയാണ് ഇന്ന് രാഷ്ട്രീയ എതിരാളികൾക്കെതിരിലും പിന്തുടരുന്നത്. പ്രതികാര നടപടിയുടെ രാഷ്ട്രീയം! മുസ്ലിംകളെ തീർക്കുക എന്ന നയം! നമ്മുടെ ഹാജിമാരെ വിമാനത്താവളത്തിൽ വെച്ച് അപമാനിക്കുന്ന നടപടികളും അരങ്ങേറുകയുണ്ടായി. അനേകം വർഷങ്ങൾക്കു ശേഷം അദ്ദേഹം അധികാരത്തിലേക്ക് മടങ്ങി എത്തുമ്പോൾ, മുസ്ലിം സമുദായത്തോടുള്ള അദ്ദേഹത്തിന്റെ മനോഭാവത്തിന് യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല എന്ന് പറയാതിരിക്കുവാൻ കഴിയില്ല.

റവാത്ത് കേസ് നിങ്ങൾ വിശകലനം ചെയ്യുകയാണെങ്കിൽ, നിങ്ങൾക്ക് മനസ്സിലാകും അതൊരു ഒച്ചപ്പാടു നിറഞ്ഞ കേസാണെന്ന്. സൂദ്ദൂൻ എന്ന വ്യക്തിക്ക് വ്യക്തിപരമായും, അതോടൊപ്പം അദ്ദേഹത്തിന്റെ ചുറ്റുപാടുകൾക്കും, ഭരണകൂടത്തിൽ നിന്ന് പ്രയോജനം ഉണ്ടായപ്പോൾ, അതിലൂടെ പ്രയോജനം നേടിയത് സമുദായമായിരുന്നില്ല. മറിച്ച് വളരെ കുറച്ച് പേർക്ക് പ്രയോ

ജനമുണ്ടായി. ചെറുകച്ചവടങ്ങൾ (തെരുവ് കച്ചവടങ്ങൾ) മൗറിഷ്യസിൽ ആരാണ് ആരംഭിച്ചത്? മുസ്ലിംങ്ങൾ കള്ളന്മാരോ അല്ലെങ്കിൽ യാചകരോ അല്ലാ ! മുസ്ലിംങ്ങൾ പ്രാധാന്യം കൊടുക്കുന്നത്, പുറത്തായാലും ശരി, ജോലി ചെയ്തു ജീവിക്കുവാനാണ്. അത് റോഡിലായാലും ശരി, അത് മഴയെത്തായാലും ശരി, വെയിലത്തായാലും ശരി. ജീവിക്കുവാനായി, അവൻ അധ്വാനിച്ചു ജീവിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ദണ്ഡ് കൊണ്ടുള്ള അടി ഏല്ക്കുവാനും അവൻ തയ്യാറാണ്, എന്നാൽ അവൻ ഒരിക്കലും മോഷ്ടിക്കുകയില്ല. (മോഷ്ടിക്കുന്നിനെക്കാൾ മരിക്കുന്നതാണ് അവൻ ഇഷ്ടപ്പെടുന്നത്) മോഷ്ടിക്കുന്നതിനെക്കാൾ ജോലി ചെയ്യുവാനാണ് അവൻ താത്പര്യപ്പെടുന്നത്) എന്തു മഹത്വത്തെക്കുറിച്ചാണ് സൂദൂൺ സംസാരിച്ചുകൊണ്ടിരിക്കുന്നത്? വളരെ ദുഃഖകരം തന്നെ, ഒരു മുസ്ലിം അവന്റെ സമുദായത്തെ തരം താഴ്ത്തി സംസാരിക്കുന്നത്? അനിരുത് ജഗന്നാഥിന്റെ മുമ്പിൽ അദ്ദേഹം വ്യക്തിപരമായി ശിരസ്സു കുനിച്ചു നില്ക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അല്ലാഹുവിന്റെ നിയമത്തിനെതിരിൽ വോട്ടു ചെയ്യുവാൻ പോവുകയാണെങ്കിൽ, തന്റെ നേതാവിനെ തൃപ്തിപ്പെടുത്തുവാനായി ശ്രമിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യാം, എന്നാൽ അദ്ദേഹം മുസ്ലിം സമുദാത്തെ അതിനായി പ്രതീക്ഷിക്കരുത്, അദ്ദേഹത്തിന്റെ മോശം മാതൃക പിന്തുടരുവാനായി! ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ശിരസ്സ് കുനിക്കുന്നത് ഞങ്ങളുടെ സൃഷ്ടാവിന്റെ മുമ്പിൽ മാത്രമാണ്, സൃഷ്ടികളുടെ മുമ്പിലല്ല!

ഉംറ : ടിക്കറ്റിന്റെ വില താഴ്ന്നു എന്നത്, തെറ്റായ കാര്യമാണ്. ഞാൻ എന്റെ ഉംറയ്ക്ക് വേണ്ടി തന്നെ അദ്ദേഹം പ്രഖ്യാപിച്ചതിനേക്കാൾ എത്രയോകൂടിയ തുക നല്കേണ്ടി വന്നു. ഉംറയ്ക്കു വേണ്ടി ഈ ഗവൺമെന്റ് അതു ചെയ്തു ഇതു ചെയ്തു എന്നൊക്കെ പറയുന്നത് വെറും പറച്ചിൽ മാത്രമാണ്. ഈ ഗവൺന്റിന്റെ മുഖസ്തുതിക്കായി അദ്ദേഹം അസ്വസ്തനാവുകയാണ്. (അദ്ദേഹത്തിന്റെ പാർട്ടിക്കായി) ഭരണാധികാരിയുടെ പ്രീതിക്കായി ഏതുരീതിയിലുള്ള മുഖസ്തുതിയും പാടി നടക്കുകയാണ്. മാംസവില സംബന്ധമായ കാര്യം വരുമ്പോൾ മനസ്സിലാക്കണം, ഇത് ഭക്ഷിക്കുന്നത് മുസ്ലിംങ്ങൾ മാത്രമല്ല, മറിച്ച് മൗറിഷ്യസിലെ എല്ലാവർക്കും അതിന്റേതായ ഒരളവുണ്ട്. മൗറി

ഷ്യസിലെ സാമൂഹ്യ നിലവാരം പരിശോധിക്കുമ്പോൾ, ന്യൂനപക്ഷങ്ങൾ താമസിക്കുന്നിടത്ത് ലഹരിമരുന്നിന്റെ ആധിക്യം വളരെ കൂടുതലാണ്. അതോടൊപ്പം മുസ്ലിംങ്ങൾ തിങ്ങിപാർക്കുന്നിടത്തും! ക്രിത്യമ ലഹരി മരുന്നുകൾ, യുവാക്കളിൽ വളരെ വലിയ അപകടാവസ്ഥയിലെത്തിയിരിക്കുകയാണ്, മൗറിഷ്യൻ യുവാക്കൾ അപകടത്തിലാണ്, വിശിഷ്യാ മൗറിഷ്യൻ മുസ്ലിം യുവാക്കൾ! തെരുവു കച്ചവടക്കാർ ചവിട്ടിമെതിക്കപ്പെടുകയാണ്. കഴിഞ്ഞ അഞ്ച് വർഷം അധികാരത്തിലിരുന്നിട്ട് എത്ര മുസ്ലിങ്ങൾക്ക് സിവിൽ സർവ്വീസിൽ ജോലി നല്കി?

സൂദൂമിനെകുറിച്ച് നിങ്ങൾ എന്തു മഹത്വമാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്? അനിരൂത് ജഗ്നാഥിന്റെ യാത്ര അയപ്പ് ഒരു മഹാസംഭവമായി എടുത്തുകാണിക്കുന്നു, അദ്ദേഹം പാർട്ടിയുടെ പ്രസിഡന്റാണെങ്കിൽ പോലും! അനിരൂത് ജഗ്നാഥിനു വേണ്ടി കഴിഞ്ഞ 35 വർഷക്കാലം നിങ്ങൾ സേവനം ചെയ്തിട്ടും നിങ്ങൾക്ക് അദ്ദേഹം നന്ദിരേഖപ്പെടുത്തുകപോലും ചെയ്തില്ല. ഇന്ന് അദ്ദേഹത്തിന്റെ മകൻ പ്രസ്തുത സ്ഥാനം കയ്യാളിയിരിക്കുകയാണ്. അദ്ദേഹം അടുത്ത പൊതു തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഒരു ടിക്കറ്റു പോലും നല്കിയിട്ടില്ല. അതുകൊണ്ട് നിങ്ങളോട് പറയുന്നത് ശ്രദ്ധിക്കുക. നിങ്ങൾക്ക് സംഭവിച്ച ഈ കാര്യത്തിൽ ദുഃഖം തോന്നുന്നു. നിങ്ങൾ സൃഷ്ടിക്ക് സൃഷ്ടാവിനെക്കാൾ കൂടുതൽ പ്രാധാന്യം നല്കി എന്നതാണ് നിങ്ങൾക്ക് പറ്റിയ തെറ്റ്.

ഞാൻ മുസ്ലിംകളോട് പറയുകയാണ്. അവരെ അവരുടെ രാഷ്ട്രീയ പ്രസ്ഥാനം തള്ളി പുറത്താക്കപ്പെട്ടവരാണ്, ഇപ്പോൾ പുറത്തുപോകുന്ന ഗവൺമെന്റിന് ശക്തി പകരുവാൻ നിങ്ങളെ അവർ ഉപയോഗപ്പെടുത്തി. മുസ്ലിം വോട്ടുകൾ നേടുന്നതിനായി. 2014ലെ തെരഞ്ഞെടുപ്പിന് ശേഷം നിങ്ങൾ നിങ്ങളുടെ പാഠം പഠിച്ചില്ലേ? മാഡം പ്രസിഡന്റിനെയും മുസ്ലിം മന്ത്രിമാരെയും മുസ്ലിം എം.പിമാരേയും പരിഹാസപാത്രമാക്കിയതിൽ നിന്നും നിങ്ങൾ പാഠം ഉൾക്കൊണ്ടില്ലേ? അതേ വിധി തന്നെ നിങ്ങളിൽ വീണ്ടും വന്നുചേരുന്നതാണ്. ഇപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ ഭരണ രംഗത്തേക്ക് കടന്നുവരികയാണ്. (പിതാവിന് പുറകെ പുത്രൻ) മുസ്ലിം സമുദായത്തിന്റെ വോട്ടുകിട്ടുവാൻ അവർ നിങ്ങളെ ഉപ

യോഗപ്പെടുത്തുന്നതാണ്. എന്നിട്ട് അവർ അധികാരത്തിലെത്തും, എന്നിട്ട് കാണാം നിങ്ങൾക്കെന്തു സംഭവിക്കുമെന്ന്!

എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഈ ഗവൺമെന്റുമായി ചേർന്നു നില്ക്കുന്ന ആളല്ല. അഥവാ ഏതെങ്കിലം പാർട്ടിയുമായി ചേർന്നു നില്ക്കുന്ന ആളുമല്ല, എന്നാൽ ഈ ചെറു രാജ്യത്തിലെ പൗരനെന്ന നിലയിൽ, മൗറിഷ്യസ്-ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ദുആയുടെ ഫലമായി, ഈ ഗവൺമെന്റിനെ പിന്താങ്ങുന്ന അനേകം ആളുകളെകുറിച്ച് അല്ലാഹു(ത) എനിക്ക് പലകാര്യങ്ങളും കാണിച്ചു തരുകയുണ്ടായി. അവരുടെ പാർട്ടിയുടെ പ്രകടനങ്ങൾ പ്രകടിപ്പിക്കുകയും, കൊടികൾ ഉയർത്തുകയും (അവരുടെ പാർട്ടിയുടെ) രാഷ്ട്രീയക്കാരുടെ വൃത്തങ്ങളിൽ മാത്രം നിലകൊള്ളുകയും, അത് അവരുടെ തന്നെ നേട്ടത്തിനു വേണ്ടി മാത്രമാണ്, അവരുടെ കുടുംബക്കാരുടെ ക്ഷേമത്തിനു വേണ്ടി മാത്രം! അവരുടെ ആളുകളുടെ ക്ഷേമത്തിനു വേണ്ടി മാത്രം! 2014ലെ തെരഞ്ഞെടുപ്പിനുശേഷം, ഈ ഗവൺമെന്റ് അനേകം ആളുകളെ വിഡ്ഢികളാക്കിയത് മറന്നുപോകരുത്. വാർദ്ധക്യകാല പെൻഷൻ വർദ്ധന നല്കുമെന്നുള്ള മധുരഭാഷണം കേട്ടവരുമാണ്. എന്നാൽ നിങ്ങൾ സാക്ഷ്യം വഹിച്ചത് അഞ്ച് വർഷത്തെ ദുരന്തങ്ങളും പ്രശ്നങ്ങളും മാത്രമാണ്.

എല്ലാ ദിവസവും മാധ്യമത്തിലൂടെ അനേകർ യാതനകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നു, കേൾക്കുന്നു. ഭരണകർത്താക്കളെ ഇതൊന്നും ബാധിക്കില്ല, അവർക്കിതൊക്കെ ഒരു തമാശയാണ്. ജനതയുടെ ദുഃഖം അവർക്ക് ഒരു പരിഗണനാ വിഷയമല്ല. തെരഞ്ഞെടുപ്പ് സമയത്ത്, ഈ ഗവൺമെന്റിന്റെ ബഹുജനധാർമ്മിക രോഷമുണർത്തുന്നു. നാം അനേകം ആക്ഷേപങ്ങൾ നാം കേൾക്കുകയുണ്ടായി. നിങ്ങൾ, മുസ്ലിംകൾ, അല്ലാഹു(ത) നിങ്ങളോട് പറഞ്ഞിരിക്കുന്നു. എല്ലാവിധ കുഴപ്പങ്ങൾക്കും, കള്ളങ്ങൾക്കും, മോശപ്രവർത്തനങ്ങൾക്കും, ജനങ്ങളുടെ ധനം നശിപ്പിക്കുന്നതിനെതിരായും- പ്രസ്തുത ധനം ജനങ്ങളുടെ നികുതിയിൽ നിന്നും നിത്യോപയോഗ സാധന വിലക്കയറ്റത്തിലൂടെയും സമാഹരിക്കുന്നതാണ്- -പോരാടണമെന്ന്! നാം എല്ലാ സാധനങ്ങൾക്കും നികുതി

നല്കുന്നവരാണ്. നിങ്ങളുടെ അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വിശ്വാസം എവിടെപോയി? വിശുദ്ധഖുർആനിൽ അല്ലാഹു(ത) വെളിപ്പെടുത്തി തന്നെ അധ്യാപനങ്ങൾക്കൊണ്ട് നിങ്ങൾ എന്താണ് ചെയ്യുന്നത്? ഈ അഴിമതിക്കാരായ പാർട്ടികളുടെ മുൻപിൽ നിന്ന് നിങ്ങൾ പോരാടുന്നു. എന്നാൽ നിങ്ങൾ അല്ലാഹുവിന്റെ അധ്യാപനങ്ങളെ പുറകിലേക്ക് തള്ളിക്കയറുന്നു. നിങ്ങൾ അന്വേഷിക്കുന്നത് വെറും ഭൗതിക നേട്ടം മാത്രമാണ്.

ഇസ്ലാമിനെതിരായ രാഷ്ട്രീയ പാർട്ടിയാണ് എന്ന വസ്തുത അവശേഷിക്കുന്നു. അല്ലയോ മുസ്ലിം സഹോദരന്മാരെ, സഹോദരിമാരെ ഇത് നിങ്ങൾക്കുള്ള ഒരു ഉപദേശമാകുന്നു. എനിക്കറിയാവുന്ന കാര്യങ്ങൾ, ഈ കാര്യം എനിക്ക് നല്ല നിലയിൽ അറിയാം, നിങ്ങൾക്കറിയാൻ കഴിയാത്തതെന്തെന്നാൽ, അത് ഇതാണ്, ഞാനൊരു വംശീയ വാദിയല്ല, അതുപോലെ തന്നെ ഞാനൊരു വർഗ്ഗീയവാദിയുമല്ല, എന്തിനേറെ ഞാൻ ഈ ഗവൺമെന്റിനു പോലും എതിരല്ല. (അല്ലാഹുവിന്റെ സഹായത്താൽ) ഈ കാര്യത്തിലൊക്കെ ഒരു മധ്യമ മാർഗ്ഗമാണ് ഹുസൂർ സ്വീകരിക്കുന്നത്) അധികാരത്തിലിരുന്നു കഴിഞ്ഞ അഞ്ച് വർഷങ്ങൾ, മൗറിഷ്യൻ ജനത ജീവിച്ചതിൽ നിന്ന്, പിന്നോക്ക ജനങ്ങൾ വളരെയധികം യാതനകൾ അനുഭവിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ അടിമകളായി കഴിഞ്ഞ കുറെപേർക്ക്, കുറച്ച് ആനുകൂല്യങ്ങളൊക്കെ കിട്ടിയിട്ടുണ്ട്. അല്ലാത്തതെല്ലാം ഉയർന്ന സ്ഥാനമാനങ്ങളും, പാർട്ടിയിലെ സ്ഥാനങ്ങളും മറ്റും അദ്ദേഹത്തിന്റെ അടുത്ത ആളുകൾക്ക് മാത്രമായി പങ്കുവെച്ചു. തന്റെ ആൺ, പെൺസുഹൃത്തുകൾക്കായി പകുത്തു നല്കി. അദ്ദേഹത്തെപോലെ വിശ്വാസം കാത്തുസൂക്ഷിക്കുന്നവർക്ക്, അദ്ദേഹത്തിന്റെ ആളുകൾ എന്ന് കരുതുന്ന ജനങ്ങളിലെ വിശ്വാസികൾക്ക്, അവരുടെ തലയിൽ വെച്ചു കൊടുത്ത്, അവർ മാത്രമാണ് (അതായത് ഹിന്ദുക്കൾ) ഈ രാജ്യം ഭരിക്കുവാൻ അർഹർ, അവർ തന്നെ ഭരിക്കുന്നു.

അതുകൊണ്ട്, ഒരുപദേശമെന്ന നിലയിൽ പറയുകയാണ്, നിങ്ങൾ എത്രയും വേഗം ഈ പാർട്ടിയിൽ നിന്നും പിന്മാറുക. എന്നിട്ട് നിങ്ങൾ നിങ്ങളുടെ ശിരസ്സ് ഉയർത്തിപ്പിടിക്കുക. ഇൻശാ അല്ലാഹ്! നിങ്ങൾക്ക് ഉത്തമമായത് ഇതുതന്നെയാണ്.

നിങ്ങളുടെ കുടുംബത്തിനും ഉത്തമമായത് ഇതുതന്നെയാണ്. മുസ്ലിം സമുദായത്തിന് പൊതുവിലും ഇതുതന്നെയാണ് ഉത്തമമായത്. അല്ലാഹു(ത)യും അവന്റെ റസൂൽ(സ)യും നമുക്ക് മനസ്സിലാക്കിതന്നിരിക്കുന്നു, ഈ ലോകത്തിലെ ജീവിതവും, ഈ ലോകത്തിലെ ആസ്വാദനവും, അധികാരത്തിനു വേണ്ടിയുള്ള പോരാട്ടവും, ഇതൊക്കെ കുഫ്ഫാറുകൾക്കുള്ള സ്വർഗ്ഗമാണ്, എന്നാൽ ഇത് സമ്പൂർണ്ണമായും വിശ്വാസികൾക്ക് നരകമാകുന്നു. നാം വേദനകൾ അനുഭവിക്കുന്നു. അതെ! എന്നാൽ അത് വെറും താത്ക്കാലികമാണ്. (അതൊരു താത്ക്കാലിക സാഹചര്യമാണ്.) എന്നാൽ മരണാനന്തര ജീവിതമാണ് അല്ലാഹു(ത) നമുക്ക് ഏറ്റവും നല്ലതായി മുൻകൂട്ടി കരുതി വെച്ചിരിക്കുന്നത്. അനന്തമായ സ്വർഗ്ഗീയ ഭവനം വിശ്വാസികൾക്കായി ഒരുക്കിനിർത്തിയിരിക്കുന്നു.

ആയതിനാൽ, അവർ വിനോദിക്കട്ടെ, അവർ ആഗ്രഹിക്കുന്നതുപോലെ ചെയ്യട്ടെ! നമ്മെ സംബന്ധിച്ചിടത്തോളം, നാം ദുആ ചെയ്യുന്നു. എന്നാൽ ഒരു ദിനം ഉണ്ട് അത് അല്ലാഹു(ത) അവരെ പിടിച്ചുകെട്ടും. അവർ അത്തരം അപമാനം ഏറ്റുവാങ്ങും, അവർ അത്തരം ദൈവീക ശിക്ഷ ഏറ്റുവാങ്ങും. അത് വളരെ ഗുരുതരമായിരിക്കും. കഠിനകഠോരമായിരിക്കും. നിങ്ങൾ എവിടെ ആയാലും നിലകൊള്ളുക. അല്ലാഹുവും അവന്റെ റസൂലുമായുള്ള സ്നേഹബന്ധം നിങ്ങൾ സ്ഥാപിക്കുക. അല്ലാഹിന്റെ ദീനിനു വേണ്ടി നിങ്ങൾ പ്രയത്നിക്കുക. നിങ്ങൾക്ക് ഇഹലോകത്തും നാളെപരലോകത്തും അതിനുള്ള പ്രതിഫലം ലഭിക്കുന്നതാണ്. ഈ പ്രതിഫലങ്ങൾ വളരെ വലിയ മൂല്യവത്തായിരിക്കും. ഇതു സംബന്ധമായി നിങ്ങൾ ചിന്തിക്കുക. ഈ (പുറത്തു പോകുന്ന) ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നാൽ, വരുന്ന അഞ്ച് വർഷം എന്തു മാത്രം പ്രയാസങ്ങൾ നേരിടേണ്ടി വരുമെന്നാലോചിക്കുക. ഈ ആളുകൾ അവരുടെ പോക്കറ്റുകൾ നിറയ്ക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കും. അവരുടെ നാവുകളിൽ, വളരെ മഹത്തായ വാക്കുകൾവരുന്നതാണ്, അവർ പറയും, അവർ, അവരുടെ രാജ്യത്തിന് സേവനം ചെയ്യുവാൻ ആഗ്രഹിക്കുന്നുവെന്ന്! നിങ്ങളുടെ ജീവിതം ക്ലേശരഹിതമാകുന്നതിനായി പ്രയത്നിക്കുന്നതാണ് എന്ന് പറയും. എന്നാൽ അഞ്ച് വർഷങ്ങൾക്കുശേഷം,

നിങ്ങൾ കാര്യങ്ങൾ വിലയിരുത്തുമ്പോൾ, അവർ പറഞ്ഞതിന്റെ വിപരീതമാണ് സംഭവിച്ചിട്ടുണ്ടാവുക.

അതുകൊണ്ട് ഇത്തരം രാഷ്ട്രീയം, ഏതൊന്നിലാണോ ദൈവീക അധ്യാപനങ്ങൾ അടിസ്ഥാനമായിട്ടില്ലാത്തത്, ദൈവീക അധ്യാപനങ്ങളെ വലിച്ചെറിഞ്ഞ്, തെറ്റായ രാഷ്ട്രീയം കളിക്കുന്നവർ, കുഫ്ഫാറുകളുടെ അധ്യാപനങ്ങൾ സ്വീകരിച്ച് സമുദായത്തിന് ബുദ്ധിമുട്ടുണ്ടാക്കുമ്പോൾ, അവർ അറിഞ്ഞിരിക്കട്ടെ, ഇത് വളരെ ഗുരുതരമായ കാര്യമാണെന്ന്! ആയതിനാൽ സമുദായത്തിന് മറ്റെല്ലാത്തിനും ഉപരിയായ, മുന്തിയ പരിഗണന നല്കുക. കുറെ മാസങ്ങളോ, ആഴ്ചകളോ നിങ്ങളുടെ തന്നെ സുഖത്തിന് വേണ്ടി നിങ്ങൾ, അന്വേഷിച്ചു പോകാതിരിക്കുക, നിങ്ങൾ പ്രസ്തുത പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെടുന്നതാണ്. തെരഞ്ഞെടുപ്പ് കഴിയുന്നതോടെ! നിങ്ങളെ അവരുപയോഗിച്ച്, അവർ അധികാരത്തിലെത്തുന്നു. ആയതിനാൽ ഇത്തരം രാഷ്ട്രീയം ഉപേക്ഷിക്കുക. നിങ്ങളുടെ തലകൾ ഉയർന്നിരിക്കട്ടെ! നിങ്ങളുടെ മേൽ അല്ലാഹുവിന്റെ ക്രോധം വലിച്ചുകൊണ്ട് വരാതിരിക്കുക. ഏതുപാതയാണ് സ്വീകരിക്കേണ്ടതെന്ന് തീരുമാനിക്കുക. ഞാൻ പറയുന്നത് ശ്രദ്ധിക്കുക. നല്ല മുസ്ലിം രാഷ്ട്രീയക്കാരനാകുവാൻ, പോയി പഠിക്കുക. ആരാണ് ഇസ്ലാമിന്റെ മൂല്യങ്ങളെ സംരക്ഷിക്കുന്നതെന്ന് നോക്കുക. ഈ രാജ്യത്തെ ഒരു പൗരനെന്ന നിലയിൽ, എന്താണ് പ്രധാനമായിട്ടുള്ളതെന്ന് നോക്കി കാണുക. നിങ്ങൾ നിങ്ങളുടെ ശിരസ്സുകൾ ഉയർത്തിപ്പിടിച്ച്, ആത്മവിശ്വാസത്തോടെയും സത്യസന്ധതയോടെയും പ്രവർത്തിക്കുക. സംശുദ്ധമായ കരങ്ങളായിരിക്കണം നിങ്ങളുടേത്! ഈ രാജ്യത്തുനിന്നും എല്ലാവിധ കുഴപ്പങ്ങളും ഇല്ലായ്മ ചെയ്യുവാനായി യത്നിക്കുക. ദൈവത്തിന്റെ യഥാർത്ഥ സേവകന്റെ കടമയാണിത്, അവൻ മനുഷ്യസമുദായത്തിന്റെ ക്ഷേമത്തിനായി പ്രയത്നിക്കുന്നവനാണ്, മൗറിഷ്യസിലെ മുഴുവൻ ജനതയ്ക്കും വേണ്ടി പ്രയത്നിക്കുന്നവനാണ്.

പുറത്തുപോകുന്ന പ്രധാനമന്ത്രിയോട് ഹിന്ദുഭവനം പരസ്യമായി പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ, അവരുടെ വേരുകൾ സംരക്ഷിക്കുവാനായി അവർ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്, അവർ അദ്ദേഹത്തിന് എല്ലാവിധ പിന്താങ്ങലും നല്കാ

മെന്നും! ഈ വിളി എന്തിനുവേണ്ടിയുള്ളതാണ്? ഇത് വർഗ്ഗീയ വാദമല്ലേ? അവർ ഇത് പറയുന്നത് പ്രധാനമന്ത്രിയുടെ മുമ്പിലാണ്. ന്യൂനപക്ഷങ്ങൾ അവരുടെ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്തുമ്പോൾ, അപ്പോൾ തന്നെ, അത് വർഗ്ഗീയവാദമായി. ശബ്ദം ഉയർത്തിയവർ വർഗ്ഗീയവാദികളുമായി! ഈ മുസ്ലിം രാഷ്ട്രീയക്കാർക്ക് നാണമില്ലേ?മുസ്ലിം സമുദായത്തെ അവർ ചതിക്കുകയാണ്. ഓരോ തെരഞ്ഞെടുപ്പിലും അതാണ് നടക്കുന്നത്. അവർ തെരഞ്ഞെടുക്കപ്പെട്ടാൽ, അവർ യഥാർത്ഥ ജൂദാസിനെപോലെ പെരുമാറുന്നു. അവർ കപടവിശ്വാസികളുടെ യഥാർത്ഥ മുഖം പ്രകടിപ്പിക്കുന്നു.

തെരഞ്ഞെടുപ്പ് അടുത്ത് എത്തിയിരിക്കുകയാണ്. ഞാൻ മുസ്ലിം സ്ത്രീകളോട് പറയുകയാണ്, നിങ്ങൾ നിങ്ങളുടെ അന്തസ്സും അഭിമാനും കാത്തുസൂക്ഷിക്കുക. നിങ്ങൾ നിസ്സാരക്കാരാകരുത്. ഒന്നാമതായി, നിങ്ങൾ ഒരു രാഷ്ട്രീയ പാർട്ടിയിലും പങ്കെടുക്കാതിരിക്കുക. ഇത്തരം യോഗങ്ങളിൽ നിങ്ങളുടെ സാന്നിധ്യം അനുവദിക്കപ്പെട്ടിട്ടില്ല. ഇതിലൂടെ നിങ്ങൾക്ക് ഒരു പ്രതിഫലവും ലഭിക്കുന്നതല്ല. ഒന്നുകൂടി തെളിച്ചു പറഞ്ഞാൽ ഇത് (അല്ലാഹു (ത)യുടെ കല്പനകളോടുള്ള) അനുസരണമില്ലായ്മയാകുന്നു.

കാരണം മുസ്ലിം സമുദായത്തിലെ മൂന്ന് സഹോദരിമാർ, അജ്ഞതായാൽ, ഇത്തരം സമ്മേളനങ്ങളിൽ അവരുടെ സാന്നിധ്യം പ്രകപ്പിക്കുന്നു. അജ്ഞരായ മറ്റു ആളുകളുടെ ഇതരയോഗങ്ങളിലും പങ്കെടുക്കുന്നു. അതിലൂടെ മുഴുവൻ സമുദായവുമാണ് പരിഹസിക്കപ്പെടുന്നത്, രാഷ്ട്രീയക്കാർ ഈ ചെറു സംഘത്തെ ഉപയോഗപ്പെടുത്തി, മുഴുസമുദായവും ഞങ്ങളോടൊപ്പമാണെന്ന് പ്രചരിപ്പിക്കുന്നു, അനുവദനീയമല്ലാത്ത അന്യപുരുഷന്മാരോടൊപ്പം നിന്ന് സെൽഫി എടുക്കുവാൻ പാടില്ല. രാഷ്ട്രീയക്കാരോടൊപ്പം നിന്ന് സെൽഫി എടുക്കുന്ന ഈ നടപടി വളരെ നിന്ദ്യമായതാണ്. ഇത് ഹറാമായ കാര്യമാകുന്നു. ലജ്ജയുടെ ഒരു അണുപോലും അവരിലില്ലേ? അതിനേക്കാൾ മോശമായ കാര്യം പറഞ്ഞു തരട്ടെ, അപരിചിതരായ അന്യപുരുഷന്മാരുടെ തോളിൽ കയ്യിട്ട് ഫോട്ടോ എടുക്കുന്നു. അത് പ്രധാനമന്ത്രി ആകട്ടെ. അല്ലെങ്കിൽ മറ്റു മന്ത്രിമാരാകട്ടെ! ഇതൊക്കെ നിഷി

ദ്ധമായ കാര്യം തന്നെയാണ്. അത് നിങ്ങൾ നിങ്ങളുടെ ഹിജാബ് നല്ല നിലയിൽ ഇട്ടിട്ടാണെങ്കിൽ പോലും! ഇത്തരം പ്രവർത്തികൾ ചെയ്യുന്നത് ഹറാം തന്നെയാണ്. അന്യപുരുഷന്മരോടൊപ്പം മുഖം മറച്ചുനിന്ന് ഫോട്ടോ എടുക്കുന്നതും, വളരെ മോശമായ പ്രവർത്തി തന്നെയാണ്.

നാം, സഹോദരങ്ങൾ ഒരു കാര്യം ചെയ്യണം, രാഷ്ട്രീയ ക്കാർ നമ്മുടെ സഹോദരിമാരെ ചൂഷണം ചെയ്യുവാൻ അനുവ ദിക്കരുത്. അവരുടെ അജ്ഞതയാലാണ് ഈ വലയിൽ വീണു പോകുന്നത്. അവരുടെ അന്തസ്സ് കാത്തുസൂക്ഷിക്കുവാൻ നാം അവരെ പഠിപ്പിക്കണം. ഏതാനും ചില്ലികാശിനു വേണ്ടി അവ രുടെ അന്തസ്സ് വില്ക്കരുത്. നിങ്ങൾ ഹേ! സഹോദരി, നിങ്ങൾ വളരെ ആദരണീയയായ ഒരു വ്യക്തിയാണെന്ന് നിങ്ങൾ സ്വയം കാണിക്കണം. ഇത്തരം സംഘങ്ങളിലെ സഹോദരിമാർ ഇസ്ലാമിനെ സംരക്ഷിക്കുന്നവരല്ല. നിങ്ങൾ സ്വയം വിലകുറഞ്ഞവരാകരുത്! ചിലപ്പോൾ നിങ്ങൾക്ക് കാണുവാൻ കഴിയും, വൃദ്ധരായ ആളു കളെ, ഒരു നൂറ് രൂപയ്ക്കു വേണ്ടി, ഇത്തരം യോഗങ്ങളിൽ അവർ പങ്കെടുപ്പിച്ച്, ചൂഷണം ചെയ്യുന്നത്! നാമെല്ലാം നടന്നുകൊണ്ടിരിക്കുന്നത്, മരണത്തോടൊപ്പമാണ്. നാം ഒരു സ്ഥലത്തുവെച്ച് മരണപ്പെടുകയാണെങ്കിൽ, പ്രസ്തുത സ്ഥലത്ത്, നാം അല്ലാഹുവിനെ അനുസരിക്കാത്ത നിലയിലുമാണെങ്കിൽ, നാം എന്ത് കണക്കായിരിക്കും അല്ലാഹു(ത)യുടെ മുൻപിൽ സമർപ്പിക്കുക. ആയതിനാൽ നാം നമ്മുടെ സഹോദരിമാരുടെ മുമ്പിൽ ഒരപേക്ഷ സമർപ്പിക്കുകയാണ്. അവർ രാഷ്ട്രീയ ക്കാരുടെ ചൂഷണവിധേയരാകാതിരിക്കുവാനായി! നിങ്ങളുടെ തലയിൽ നിങ്ങളിത് നന്നായി സൂക്ഷിച്ചുവെയ്ക്കുക. കഫ്ഫറു കളുടെ വ്യവസ്ഥിതി ഒരിക്കലും നിങ്ങളുടെ വ്യവസ്ഥിതി ആകരു ത്. അതിനാൽ പോരാടുക, ധനം ചെലവഴിക്കുക, നിങ്ങളുടെ ഊർജ്ജവും ചെലവഴിക്കുക, അല്ലാഹുവിന്റെ തൃപ്തിക്കായി! അല്ലാ ഹുവിന്റെ ഭൂമിയിൽ താഗൂത്തിന്റെ നടപടിക്രമം നടപ്പിലാക്കാ നല്ല നിങ്ങൾ യത്നിക്കേണ്ടത് എന്ന് തിരിച്ചറിയുക!

അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ട് പകലും രാത്രിയിലും കഴിഞ്ഞുകൂടുന്ന കുറെ രാഷ്ട്രീയക്കാരെ നമുക്ക് കാണാൻ

കഴിയും. അവർ മദ്യപാനത്തിലും സംഗീത നൃത്ത ക്ലബുകളിൽ പോലും, വ്യഭിചാര വൃത്തിയിൽ ഏർപ്പെട്ടും, ചൂതാട്ടത്തിൽ മുഴു കിയും, ഹറാമായ മാംസം കഴിച്ചും കഴിയുന്നവരാണ്. ഇതൊക്കെ സമുദായത്തിന്റെ പുരോഗതിക്കും വിജയത്തിനും, കാരണമാകു ന്നതാണോ? നാം തീർത്തും അല്ലാഹുവിൽ മാത്രം നമ്മുടെ കാര്യ ങ്ങൾ ഭരമേല്പിക്കേണ്ടതാണ്. ഇസ്ലാമിന്റെ പ്രതിഛായ നശിപ്പി ക്കുന്ന ചണ്ഢ പ്രകൃതികളായ കുറച്ച് ആളുകളെ ഇസ്ലാമിനെ നശിപ്പിക്കുവാൻ അനുവദിക്കരുത്. അത് രാഷ്ട്രീയ നിലയിലാ യാലും ശരി പൊതുവായ നിലയിലായാലും ശരി, വെറു പ്പുണ്ടാക്കുന്ന ഈ കാര്യങ്ങൾ ചെയ്യുവാൻ പാടില്ല. നിങ്ങൾ ഒരി ക്കലും സ്വയം വിഢ്ഢികളാകരുത്. (തെറ്റായ നിലയിൽ മാർഗ്ഗ ദർശനം നല്കപ്പെടരുത്) മുസ്ലിംകൾക്ക് സംസ്ക്കരണവും സുഖ സൗകര്യങ്ങളും കൊണ്ടു വരാം എന്ന മോഹനവാഗ്ദാനങ്ങളിൽ വീണുപോകരുത്. അവരുടെ പ്രയോജനത്തിനായി നമ്മളെ ഉപ യോഗിക്കുവാൻ നാം നിന്നു കൊടുക്കരുത്. ഭൗതിക സുഖസമൃ ദ്ധിയുടെ മുമ്പിൽ, നിങ്ങളുടെ ബുദ്ധിയെ നിങ്ങൾ അടിയറവെ യ്ക്കരുത്.

ചില സമുദായങ്ങളെ പണം കൊടുത്തു രാഷ്ട്രീയക്കാർ വിലയ്ക്ക് വാങ്ങാറുണ്ട്. അതു ചിലപ്പോൾ മദ്യം കൊടുത്തുമാ കാം, അല്ലെങ്കിൽ മറ്റെന്തെങ്കിലും പ്രലോഭനങ്ങളാകാം. നിങ്ങൾ ഈ സമുദായങ്ങളുടെ നിക്യഷ്ടതയിൽ വീണുപോകരുത്. നിങ്ങ ളുടെ ശിരസ്സ് നിങ്ങൾ ഉയർത്തിപിടിക്കുക. അവരുടെ മുമ്പിൽ നിങ്ങൾ നിങ്ങളുടെ ശിരസ്സ്, കുനിക്കരുത്. ഏതാനും ചില്ലിക്കാ ശിന് വേണ്ടി നിങ്ങൾ അവരുടെ മുൻപിൽ നിസ്സാരൻമാരാകരു ത്. പിന്നീട് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നതെന്താണ്? സമു ദായത്തിലെ ഒരു സംഘം, മുസ്ലിം സമുദായത്തെ വഴിതെറ്റിക്കു ന്നു. അങ്ങനെ അവർ അല്ലാഹുവിന്റെ കല്പനകൾ അനുസരി ക്കാതെയാകുന്നു. ഇത് ചെയ്യുന്നത് അവരുടെ നേതാവിനെ തൃപ്തിപ്പെടുത്തുവാനാണ്. (അതെ! അവരുടെ രാഷ്ട്രീയ നേതാ വിനെ, നമ്മെ സംബന്ധിച്ചിടത്തോളം മുസ്ലിംകൾ എന്ന നിലയിൽ, നമ്മുടെ യഥാർത്ഥ നേതാവ്, സമുദായത്തിന്റെ നേതാവ് പരി ശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)ആകുന്നു. നമുക്ക് തൃപ്തിപ്പെടുത്തേണ്ടത് അല്ലാഹു(ത)യേയും അവന്റെ ദൂതൻ മുഹമ്മദ് മുസ്തഫ (സ)നെയും ആകുന്നു. പ്രസ്തുത യഥാർത്ഥ

ഇസ്ലാം സ്ഥാപിതമാകുന്നത്, നമ്മുടെ ഓരോ പ്രവർത്തിയിലൂടെയുമാകുന്നു, നമ്മുടെ പെരുമാറ്റ രീതികളിലൂടെയാകുന്നു. നമ്മുടെ വാക്കുകളിലൂടെയാകുന്നു. തീർച്ചയായും നമ്മുടെ ഉദ്ദേശ്യവും പരിശുദ്ധമായിരിക്കേണ്ടതാകുന്നു.

ഈ സഹോദരങ്ങളോട് ഞങ്ങൾ പറയുന്നത്, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക, നിങ്ങൾ കളിച്ചുകൊണ്ടിരിക്കുന്ന ഈ ചീത്ത വിനോദം അവസാനിപ്പിക്കുക, ഒരു മതമെന്ന നിലയിൽ ഇസ്ലാമിനെ സ്വീകരിച്ചിട്ടുള്ളവർ, അവർ അവരുടെ എല്ലാ പ്രവർത്തനങ്ങളുടെയും കണക്ക്, ഈ ലോകത്ത് ചെയ്തിട്ടുള്ള സമസ്ത കാര്യങ്ങളുടെയും കണക്ക്, അത് മന്ത്രി എന്ന നിലയിലായാലും ശരി. ഒരു ഡപ്യൂട്ടി എന്ന നിലയിലായാലും ശരി, കാരണം വിശുദ്ധഖുർആനിലെ വചനം സുവ്യക്തമാണ്. നന്മയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത് (5:3)

നിങ്ങളുടെ ബുദ്ധിശക്തിയെ അല്ലാഹു(ത) സംശുദ്ധീകരിക്കട്ടെ. ഉമ്മത്തിലുള്ള നിങ്ങളെല്ലാവരേയും നേരായ പാതയിൽ ചേർത്തുനിർത്തട്ടെ. ആമീൻ

യാ! അല്ലാഹ്! ഞങ്ങൾക്ക് നീ പൊറുത്തു തന്നാലും! റസൂൽ(സ)യുടെ ഉമ്മത്തിനെ നീ സംരക്ഷിക്കേണമെ! അവരെ നീ അപമാനിതരാക്കരുതെ! യഥാർത്ഥ മുസ്ലിംകളെ സംരക്ഷിക്കുകയും, ഞങ്ങളെ എല്ലാം ഒറ്റകെട്ടായി നിലനിർത്തുകയും ചെയ്യേണമെ! നിന്റെ ദീനിനെ (ഇസ്ലാമിനെ) ഭൂമിയിൽ വീണ്ടും സ്ഥാപിക്കുവാനായി ഞങ്ങളെ നീ പ്രാപ്തമാക്കേണമെ! ആമീൻ.

ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിക്കുന്നതായാൽ, നീ വളരെ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാണ് 14:37, ആമീൻ!



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*